പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1897 19.06.2012-ൽ മറുപടിയ്ക്ക്

# വ്യവസായ ശാലകളുടെ വൈദ്യുതി ഉപഭോഗം - പരിശോധനാ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ബി. അബ്ദുൾ റസാക്:<br>ശ്രീ.സി. മോയിൻകുട്ടി :<br>ശ്രീ. സി. മമ്മൂട്ടി :<br>ശ്രീ. പി. ഉബൈദുള്ള : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യ വ്യവസായ ശാലകളുടെ യന്ത്രസംവിധാനത്തിന്റെ ഊർജ്ജക്ഷമത പരിശോധിക്കാനും ക്ഷമതകുറഞ്ഞവയുടെ ന്യൂനതകൾ പരിഹരിക്കാനും ഏർപ്പെടുത്തിയിട്ടുള്ള പരിശോധനാ സംവിധാനം സംബന്ധിച്ച വിശദവിവരം നൽകാമോ;<br><br>(ബി) ഇതുമായി ബന്ധപ്പെട്ട് ഫാക്ടറികളുടെ പ്രതിമാസ വൈദ്യുതി ഉപഭോഗത്തിലെ പ്രകടമായ ഏറ്റക്കുറച്ചിലുകൾ പരിശോധിക്കാൻ വൈദ്യുതി ബോർഡിൽ എന്തെങ്കിലും സംവിധാനമുണ്ടോ; | (എ) & (ബി) എനർജി ആഡിറ്റിലൂടെ യന്ത്രസംവിധാനത്തിൻെറ ഊർജ്ജക്ഷമത പരിശോധിക്കുന്നതിന് സാധിക്കും. ഇതിനായി എല്ലാ മേഖലകളിലും എനർജി ആഡിറ്റ് പ്രോത്സാഹിപ്പിച്ചു വരുന്നു. 01-01-2011-ലെ ജി. ഒ. (ആർ.ടി) 2/2011/PD നമ്പർ ഉത്തരവ് പ്രകാരം ഹൈടെൻഷൻ/ എക്സ്ട്രാ ഹൈടെൻഷൻ ഉപഭോക്താക്കൾക്ക് (വ്യവസായങ്ങൾ ഉൾപ്പെടെ) എനർജി ആഡിറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. ആഡിറ്റ് റിപ്പോർട്ടുകളിൽ കാര്യക്ഷമത കുറഞ്ഞവയുടെ ന്യൂനതകൾ പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നുണ്ട്. |
| (സി) സംസ്ഥാനത്തെ വൈദ്യുത ഉപഭോഗത്തിൽ വ്യവസായ ശാലകളുടെ പങ്ക് എത്രയാണെന്ന് വ്യക്തമാക്കുമോ; | (സി) സംസ്ഥാനത്തിലെ വൈദ്യുത ഉപഭോഗത്തിൻെറ ഏകദേശം 18%ത്തോളം വ്യാവസായിക ഹൈടെൻഷൻ, എക്സ്ട്രാ ഹൈടെൻഷൻ വിഭാഗത്തിൻേറതാണ്. |
| (ഡി) ഏതെങ്കിലും മേജർ വ്യവസായ സ്ഥാപനങ്ങൾ, വൈദ്യുതി ബോർഡ് ലഭ്യമാക്കുന്ന വൈദ്യുതിയോടൊപ്പം സ്വയം ജനറേറ്റ് ചെയ്യുന്ന വൈദ്യുതി ഉപയോഗിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ? | (ഡി) കെ. എസ്. ഇ. ബി യുടെ ഗ്രിഡിലേയ്ക്ക് കണക്ട് ചെയ്തിട്ടുള്ള താഴെ പറയുന്ന വ്യവസായ സ്ഥാപനങ്ങൾ സ്വന്തം ഉപയോഗത്തിന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുണ്ട്.<br>1) M/s. INDSIL Electro smelts Limited. |

2) M/s. Carborundum Universal Limited, Edappally & Koratty.
3) M/s. MPS Steel Castings Private Limited, Palakkad.
4) M/s. BPCL Ambalamughal, Ernakulam.
5) M/s. Philips Carbon Black Private Limited, Ernakulam.
6) M/s. Sree Sakthi Paper Mills Limited, Edayar.

സെക്ഷൻ ഓഫീസർ.